**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3990** **28-06-2024 - ൽ മറുപടിയ്ക്ക്**

**പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിചാരണ കോടതികളിലെ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വീഴ്ചമൂലം പോക്സോ കേസുകളിൽ ഉൾപ്പെട്ട പ്രതികൾ വരെ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വിചാരണ കോടതികളിലെ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വീഴ്ചമൂലം പോക്സോ കേസുകളിൽ ഉൾപ്പെട്ട പ്രതികൾ വരെ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്ന ഹൈക്കോടതി വിലയിരുത്തലിനെതുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രവൃത്തി വിലയിരുത്തുന്നതിനുള്ള സംവിധാനം സംസ്ഥാന പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ മേൽ നോട്ടത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനത്തിൽ കഴിവിന് പകരം രാഷ്ട്രീയ താല്പര്യത്തിന് മുൻതൂക്കം നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയ്ക്ക് മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ്(അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജില്ലാ ജഡ്ജിയോടും ജില്ലാ പോലീസ് മേധാവിയോടും കൂടിയാലോചിച്ച് ജില്ലാ ജഡ്ജിയുടെ ശിപാർശ പ്രകാരം ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പാനലിൽ നിന്നാണ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത്. |
| (സി) | എങ്കിൽ കേസുകൾ കൈകാര്യം ചെയ്യാൻ കഴിവും പ്രാപ്തിയുമുള്ള അഭിഭാഷകരെ പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ്(അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജില്ലാ ജഡ്ജിയോടും ജില്ലാ പോലീസ് മേധാവിയോടും കൂടിയാലോചിച്ച് ജില്ലാ ജഡ്ജിയുടെ ശിപാർശ പ്രകാരം ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പാനലിൽ നിന്നാണ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ